# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6118 02.04.2018-ൽ മറുപടിക്ക്

**വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സഹകരണ സ്പിന്നിംഗ് മില്ലുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉബൈദുള്ള | ശ്രീ.എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സഹകരണ സ്പിന്നിംഗ് മില്ലുകളുടെ നഷ്ടം വർദ്ധിക്കുവാനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനുള്ള നടപടികൾ വിശദീകരിക്കാമോ; | (എ) ഉണ്ട്. മില്ലുകൾ ലാഭത്തിലാക്കുന്നതിനായി ടെക്സ്ഫെഡിന്റെ കീഴിലുള്ള സ്പിന്നിംഗ് മില്ലുകളിൽ ആധുനികവൽക്കരണ പ്രവർത്തന നടപടികൾ ആരംഭിച്ച കഴിഞ്ഞു. മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ, കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ ഇവയുടെ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ ഏറെക്കുറെ പൂർത്തിയായി കൊണ്ടിരിക്കുന്നു.<br><br>കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ ആധുനികവൽക്കരണത്തിനായുള്ള 57.39 കോടി രൂപയുടെ പുതുക്കിയ പ്രൊജക്ട് റിപ്പോർട്ടിന് എൻ.സി.ഡി.സിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട് ഇതിൽ 15 കോടി രൂപ മില്ലിന് അനുവദിച്ച് നൽകിയിട്ടുണ്ട്. മില്ലിന്റെ നവീകരണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.<br><br>തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിന്റെ ആധുനികവൽക്കരണത്തിനായുള്ള 29.97 കോടി രൂപയുടെ പുതുക്കിയ പ്രൊജക്ട് റിപ്പോർട്ടിന് എൻ.സി.ഡി.സിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ 15 കോടി രൂപ മില്ലിന് അനുവദിച്ചു നൽകിയിട്ടുണ്ട്. മില്ലിന്റെ നവീകരണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.<br><br>ആലപ്പി സഹകരണ സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനശേഷി പന്ത്രണ്ടായിരം സ്പിന്റിലിൽ നിന്നും ഇരുപത്തിഅയ്യായിരം സ്പിന്റിലായി ഉയർത്തുന്നതിനായി മില്ലിന്റെ പുതുക്കിയ 33.94 കോടി രൂപയുടെ പ്രൊജക്ട് റിപ്പോർട്ടിന് |

എൻ.സി.ഡി.സിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ 22.89 കോടി രൂപ മില്ലിന് അനുവദിച്ചു നൽകിയിട്ടുണ്ട്.

ടെക്സ്ഫെഡിന്റെ കീഴിലുള്ള സ്പിന്നിംഗ് മില്ലുകൾക്കായി ആവശ്യമായ അസംസ്തൃത വസ്തുക്കൾ വാങ്ങുന്നതിനായി അടിയന്തിരമായി 08.02.2017 ൽ 7.10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ കൈത്തറി മേഖലക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിലേക്കായി റിവോൾവിംഗ് ഫണ്ട് ലഭ്യമാക്കുന്നതിനായി 13.12.2017 ൽ സ്റ്റേറ്റ് യാൺ ബാങ്ക് രൂപീകരിക്കുകയും ഇതിലേക്ക് 11 കോടി രൂപ അനുവദിക്കുകയും പ്രസ്തുത തുക മില്ലുകൾക്ക് നൂലുൽപാദനത്തിന് സാമ്പത്തിക സഹായമായി നൽകി വരുകയും ചെയ്യുന്നുണ്ട്.

(ബി) ഈ സർക്കാർ വന്നതിന് ശേഷം ഏതെല്ലാം സഹകരണ സ്പിന്നിംഗ് മില്ലുകളാണ് അസംസ്കൃത പദാർത്ഥങ്ങളുടെ കുറവ് മൂലം അടച്ചുപൂട്ടേണ്ടി വന്നിട്ടുള്ളത്;

(ബി) ടെക്സ്ഫെഡിന്റെ കീഴിലുള്ള സ്പിന്നിംഗ് മില്ലുകളിൽപ്പെട്ട കൊല്ലം സഹകരണസ്പിന്നിംഗ് മിൽ 2016 നവംബർ 15 മുതൽ 2017 ഫെബ്രുവരി 20 വരെയും തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ 2016 ഒക്ടോബർ മാസം 1 മുതൽ 16 വരെയും, 2016 നവംബർ 1 മുതൽ 12 വരെയും, ഡിസംബർ 1 മുതൽ 6 വരെയും, 2017 ജനുവരി 1 മുതൽ 14 വരെയും, 2017 ഫെബ്രുവരി 1 മുതൽ 17 വരെയും ആവശ്യമായ പ്രവർത്തനമൂലധന അഭാവത്താലും, വൈദ്യുതി കുടിശ്ശിക മൂലം വൈദ്യുതി വിച്ഛേദിച്ചതിനാലും മാസങ്ങളായി കോട്ടൺ ലഭ്യമല്ലാത്തതിനാലും പ്രവർത്തിച്ചിരുന്നില്ല. എന്നാൽ ഈ മില്ലുകൾക്ക് ആവശ്യമായ അസംസ്കൃതവസ്തുക്കൾ വാങ്ങുന്നതിലേക്കായി സെൻട്രലൈസ്ഡ് കോട്ടൺ പർച്ചേസ് കമ്മിറ്റിക്ക് 08.02.2017 ൽ 7.10 കോടി രൂപ അനുവദിക്കുകയും ആയതിന്റെ ഫലമായി ഈ മില്ലുകൾ തുറന്നു പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ 2017 ഒക്ടോബർ 16 മുതൽ പ്രവർത്തനമൂലധനത്തിന്റെ അഭാവത്താൽ ലേഓഫിലാണ്.

| | | |
|---|---|---|
| (സി) | അസംസ്കൃത പദാർത്ഥങ്ങളുടെ കുറവ് മൂലം ഭാഗികമായി പ്രവർത്തിക്കുന്ന സംസ്ഥാനത്തെ സ്പിന്നിംഗ് മില്ലുകൾ ഏതെല്ലാം; വിശദമാക്കാമോ ? | (സി) ടെക്സ്ഫെഡിന്റെ കീഴിലുള്ള സ്പിന്നിംഗ് മില്ലുകളായ കൊല്ലം സഹകരണസ്പിന്നിംഗ് മിൽ, ആലപ്പി സഹകരണസ്പിന്നിംഗ് മിൽ, തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ, മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ, മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് ലിമിറ്റഡ്, കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ എന്നീ മില്ലുകൾ അസംസ്കൃത വസ്തുക്കളുടെ കുറവ് മൂലം ഭാഗികമായി പ്രവർത്തിക്കുന്നു. പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ 2017 ഒക്ടോബർ 16 മുതൽ ഇതുവരെയും അസംസ്കൃത വസ്തുക്കളുടെ കുറവു മൂലം ലേ ഓഫിലാണ്.<br><br>കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിൽ, അസംസ്തൃതവസ്തുക്കളുടെ കുറവ് മൂലം ഭാഗികമായി പ്രവർത്തിക്കുന്ന മില്ലുകൾ ഇല്ല. |

**സെക്ഷൻ ഓഫീസർ**